# ജലമൂറ്റൽ തടയണം, ജനകീയ കമ്മീഷൻ നല്ലതാണ്

ടി.എൻ. പ്രതാപൻ
നാട്ടിക എം.എൽ.എ., കോൺഗ്രസ്സ് (ഐ)

1. ഗ്രാമപഞ്ചായത്ത് തീരുമാനം സ്റ്റേ ചെയ്ത സർക്കാർ നടപടി ശരിയല്ല. ഒരു ഗ്രാമത്തിലെ ജനങ്ങളുടെ ജീവിതപ്രയാസങ്ങൾ നേരിട്ട് ബോദ്ധ്യപ്പെട്ടതു കൊണ്ടാണ് പഞ്ചായത്ത് ഈ തീരുമാനം എടുത്തത്. ഇത് സ്റ്റേ ചെയ്ത ഗവൺമെന്റ് നടപടിയുടെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെടുന്നതാണ്.

ശാസ്ത്രീയമായ നിരീക്ഷണങ്ങളും അതിന്റെ അടിസ്ഥാനത്തിൽ പഠനവും നടത്തി വേണം ഇത് നിശ്ചയിക്കാൻ. പെരുമാട്ടി പഞ്ചായത്തും, മുൻ ഗവൺമെന്റും നേരത്തെ തന്നെ ഇതിൽ വീഴ്ചവരുത്തിയിരുന്നു വെന്നതും മറച്ച് വെച്ച് കൂടാ.

2. നമ്മുടെ ഭൂഗർഭ ജലം ഉപയോഗിക്കുന്നതിൽ പൂർണ്ണമായും തെറ്റ് പറഞ്ഞുകൂടാ. മഴവെള്ളം സംഭരിച്ച് അവയെ പ്രയോജനപ്പെടുത്തുക വേണം. അശാസ്ത്രീയമായ രീതിയിൽ ജലപാളികൾ നശിപ്പിച്ച് ജീവജലത്തിന് ക്ഷാമം വരുത്തുന്ന ഒന്നും സമ്മതിച്ച് കൂടാ.

കുറേ സ്വകാര്യ മുതലാളിമാർക്ക് ലാഭം കൊയ്യുന്നതിന് വേണ്ടി പ്രകൃതി അനുഗ്രഹിച്ച് നൽകിയിട്ടുള്ള മാനവരാശിയുടെ പ്രാണനായ ജലത്തിന്റെ ചൂഷണം തടയണം. ചുരുക്കം ചിലർക്ക് മാത്രം തൊഴിൽ അവസരം ഉണ്ടാക്കുന്ന ഈ കമ്പനികൾ "കൊള്ള"യടിക്കുകയാണ്. ഈ സത്യം തിരിച്ചറിയണം.

3. ജനാധിപത്യത്തിൽ ചില പുഴുക്കുത്തുകളുണ്ട്. ഭരണകർത്താക്കളും ഉദ്യോഗസ്ഥരുമെല്ലാം ഇതിൽപെടും താല്പര്യങ്ങളുടെ സംരക്ഷിക്കുകയാണ് ഭരണകൂടങ്ങൾ. പണമുള്ളവരുടെ താല്പര്യങ്ങൾക്കാണ് പലപ്പോഴും പ്രാമുഖ്യം. ഇവിടെയും സത്യത്തിന് നേരെ മറപിടിക്കപ്പെടുന്നുവോ?

തീർച്ചയായും സർക്കാർ പെപ്സി കമ്പനിയുടെ പുതുശ്ശേരിയിലെ ജലമൂറ്റൽ തടയണം.

4. ഒരു ജനകീയ കമ്മീഷൻ നല്ലതാണ്. വസ്തുതകൾ ജനങ്ങളുടെ പക്ഷത്ത് നിന്ന് വിലയിരുത്തുവാൻ ഇത് ഉപകരിക്കും.

ദീർഘകാല, ഹൃസ്വകാല പദ്ധതികൾ ഇതിലൂടെ ആവിഷ്കരിക്കാൻ കഴിയും.

(ക) മനുഷ്യ ജീവന്റെ നിലനിൽപും, വളർച്ചയുമായിരിക്കണം എന്തിലും പ്രധാനം.

വ്യവസായിക വളർച്ച നല്ലത് തന്നെയാണ്. പക്ഷേ, അകക്കണ്ണ് ഇല്ലാത്ത താല്ക്കാലിക മുട്ടുശാന്തി മാത്രമായുള്ള പലതും നാശത്തിന് കാരണമായിട്ടുണ്ട്. ക്യാൻസറിനേക്കാളും അപകടരവുമായിട്ടുണ്ട്.

എൻഡോസൾഫാൻ തളിക്കൽ മൂലം ദുരന്തം അനുഭവിക്കുന്നത് കൺമുന്നിൽ കാണുന്നില്ലേ-ഈ അപകടം ഒഴിവാക്കണം.

കരിമണൽ ഖനനവും, പുഴമണൽ ഖനനവും ഒഴിവാക്കണം. ഇവ കേരളത്തിൽ നിരോധിക്കണം. കരിമണൽ ഖനന പദ്ധതി അപകടമാണെന്ന് ആ പ്രദേശത്തെ ഭൂമിശാസ്ത്രം അറിയുന്നവർക്കറിയാം. മാത്രമല്ല ഇത് വലിയ "അഡ്ജസ്റ്റ്മെന്റ്" കച്ചവടമായിരുന്നുവെന്നതാണ് മറ്റൊരു കഥ.

മണ്ണ് വാരി നമ്മുടെ പുഴകളെ 'മരണത്തിലേക്ക് തള്ളിവിടുകയാണ്. ഇതിന് അടിയന്തിരമായി അറുതി വരുത്തണം. മണ്ണ് ഉപയോഗത്തിന് "പകരം" കണ്ടെത്തണം. ഇതിനായി ശാസ്ത്രീയമായ അന്വേഷണവും ഉത്തരവും തേടിയേ മതിയാവൂ.

(ഖ) ജിം തുടങ്ങിയ സംരംഭങ്ങൾ വഴി വരുന്ന നിക്ഷേപങ്ങൾ മാത്രമല്ല. കേരളത്തിലെ എല്ലാ വികസനങ്ങളും പ്രാദേശിക സന്തുലിതാവസ്ഥ കൂടി കണക്കിലെടുത്ത് മനുഷ്യനെ ദോഷമായി ബാധിക്കാതെ നടപ്പിലാക്കുന്നതിന് പ്രായോഗിക സമീപനം സ്വീകരിക്കുന്നവൻ ഒരു ജനകീയ കമ്മീഷൻ നല്ലത് തന്നെയാണ്.

ജനപ്രതിനിധികളും, ശാസ്ത്രജ്ഞരും, വിദഗ്ദ്ധരുമടങ്ങുന്ന നിയമാധികാരമുള്ള സമിതി വരണം. ഈ സമിതി ഒരു "നെഗറ്റീവ്" മൂഡ് ക്രിയേറ്റ് ചെയ്യുവാൻ ആവരുത്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകൾ ആവണം. ഇവക്ക് ചില അധികാരങ്ങൾ സുനിശ്ചിതമായും നൽകണം. അതിൽ പ്രധാനം പ്രാദേശിക വിഭവങ്ങളുടെ ചൂഷണം തടയുന്നത് സംബന്ധിച്ചായിരിക്കണം. ഇതിന് വേണ്ടി നിയമനിർമ്മാണം തന്നെ കൊണ്ടുവരണം.

തിരഞ്ഞെടുപ്പിൽ ഇവയും ചർച്ച ചെയ്യപ്പെടണം.

വിരിയുന്നമുത്തുകൾ
Blooming Pearls
Manufactures of
ARTIFICIAL FLOWERS AND BRIDAL BOUQUETS
For Enquiries and Orders : "Chippy", Pullazhy P.O., Thrissur-12
Phone : 0487 2362180